പതിനാലാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*547

21.11.2019 -ൽ മറുപടിയ്ക്ക്

**വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം**

**ചോദ്യം**

ശ്രീ.വി.ആർ. സുനിൽ കുമാർ
,, ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീമതി ഗീതാ ഗോപി
,, സി.കെ. ആശ :

**ഉത്തരം**

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ഇതുവരെ 180 വില്ലേജാഫീസുകൾക്കാണ് സ്മാർട്ട് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ളത്. അതിൽ 72 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 40 എണ്ണം അന്തിമ ഘട്ടത്തിലുമാണ്. സ്മാർട്ട് റവന്യൂ പദ്ധതി പ്രകാരം പ്ലാൻ സ്കീമിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കിയവയുടെ വിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വില്ലേജാഫീസുകളുടെ എണ്ണം | തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 7 | 298 |
| 2017-18 | 39 | 150 |

| | | |
|---|---|---|
| 2018-19 | 50 | 220 |
| 2019-20 | 50 | 220 |

സ്മാർട്ട് റവന്യൂ പദ്ധതി കൂടാതെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി പ്രാഥമിക സൗകര്യങ്ങളായ കുടിവെള്ളം, ടോയിലെറ്റ് നിർമ്മാണം, അഡീഷണൽ റൂം നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം. പൊതുജനത്തിന് വിശ്രമ സൗകര്യം എന്നിവയും വില്ലേജ് ഓഫീസുകളിൽ ഒരുക്കി വരുന്നുണ്ട്. വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ വില്ലേജുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അറ്റകുറ്റപ്പണികൾ | അഡീഷണൽ റൂം നിർമ്മാണം | ചുറ്റുമതിൽ നിർമ്മാണം | ടോയ്ലറ്റ് | കുടിവെള്ളം |
|---|---|---|---|---|---|
| 2017-18 | 70 | 67 | 70 | 63 | 673 |
| 2018-19 | 80 | 100 | 80 | - | - |
| 2019-20 | 80 | 100 | 80 | - | - |
| ആകെ | 230 | 267 | 230 | 63 | 673 |

2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 2029-00-101-99-67-NP-V ശീർഷകത്തിൽ വില്ലേജാഫീസുകൾ സന്ദർശിക്കുന്ന പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 800 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും ആയതിൽ നിന്ന് നാളിതുവരെ ചുവടെ ചേർക്കും പ്രകാരം തുകകൾ ജില്ലകൾക്ക് ലാൻഡ് റവന്യൂ കമ്മീഷണർ അനുവദിച്ചിട്ടുള്ളതുമാണ്.

| ക്രമ നം. | ജില്ല | തുക |
|---|---|---|
| 1 | കാസറഗോഡ് | 60 ലക്ഷം |
| 2 | തിരുവനന്തപുരം | 53,40,000/- |
| 3 | കൊല്ലം | 57,01,989/- |
| 4 | കോട്ടയം | 59,84,306/- |
| 5 | പാലക്കാട് | 60 ലക്ഷം |
| 6 | കോഴിക്കോട് | 60 ലക്ഷം |

(ബി) വില്ലേജ് ഓഫീസുകളോടനുബന്ധിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) വില്ലേജ് ഓഫീസുകളോടനുബന്ധിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഭരണാനുമതി ലഭിച്ചത് | പൂർത്തീകരിച്ചത് | പുരോഗമിക്കുന്നത് |
|---|---|---|---|
| 2016-17 | Nil | | |
| 2017-18 | 32 | 17 | 15 |
| 2018-19 | 12 | | 12 |
| 2019-20 | Nil | | |

(സി) എല്ലാ വില്ലേജ് ഓഫീസുകളിലും തടസ്സം കൂടാതെയുള്ള ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേനയുള്ള ഓൺലൈൻ സർട്ടിഫിക്കറ്റ് സംവിധാനം നടപ്പിൽവരുത്തിയതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ നടത്തിപ്പ് ചുമതലയുള്ള കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ മുഖേനയാണ് പ്രസ്തുത സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിലുള്ള ഇന്റർനെറ്റ് കണക്ഷന്റെ വേഗതയും ഡാറ്റാ കൈമാറ്റനിരക്കും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആയവ ഫൈബർ സാങ്കേതിക അടിസ്ഥാനമാക്കിയുള്ള ബി.എസ്.എൻ.എല്ലിന്റെ FTTH കണക്ഷനുകളിലേക്ക് മാറ്റുന്നതിനുള്ള നടപടി ഐ.റ്റി മിഷൻ മുഖേന സ്വീകരിച്ചുവരുന്നു.

(ഡി) വില്ലേജ് ഓഫീസുകളിൽ ഫോട്ടോകോപ്പി പേപ്പർ, ടോണർ തുടങ്ങിയ സ്റ്റേഷനറി സാധനങ്ങൾ മതിയായ അളവിൽ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വില്ലേജ് ഓഫീസുകളിൽ ഫോട്ടോകോപ്പി പേപ്പർ, ടോണർ തുടങ്ങിയ സ്റ്റേഷനറി സാധനങ്ങൾ മതിയായ അളവിൽ ലഭ്യമാക്കുന്നതിനായി FMS (ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസ്) ഇനത്തിൽ 2019-20 സാമ്പത്തിക വർഷം 134.56 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സ്റ്റേഷനറി വകുപ്പിൽ നിന്നും ഫോട്ടോ കോപ്പി പേപ്പർ ലഭ്യമാകുന്നത് വരെ ജില്ലകൾക്ക് നേരിട്ട് പേപ്പർ വാങ്ങുന്നതിന് അനുമതിയും നൽകിയിട്ടുള്ളതാണ്.

(ഇ) ജനസംഖ്യാനുപാതികമായി താലൂക്കുകളും വില്ലേജുകളും പുന:സംഘടിപ്പിക്കുന്നതിനും ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ജോയിന്റ്

| | | |
|---|---|---|
| | | കമ്മീഷണറുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള പ്രസ്തുത ടീം പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നു.<br>സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ ഗ്രൂപ്പുവില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (എഫ്) | വില്ലേജ് ഓഫീസുകളിൽ നിന്ന് നൽകുന്ന സർട്ടിഫിക്കറ്റുകളുടെ സാധുതാ കാലാവധി നീട്ടുന്നതിനും ഒരാവശ്യത്തിന് ഓരോ സമയത്തും സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് പകരം അതേ സർട്ടിഫിക്കറ്റ് തന്നെ ഉപയോഗിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എഫ്) റവന്യൂ ഓഫീസുകളിൽ നിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്ക് സാധുതാ കാലയളവ് നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം ജാതി സർട്ടിഫിക്കറ്റുകൾക്ക് കോടതി വിധി മൂലം മറിച്ച് തീരുമാനം ഇല്ലാത്തപക്ഷം 10 വർഷം സാധുതാകാലയളവ് നിശ്ചയിച്ചിരുന്നു. പിന്നീട് ജാതി സർട്ടിഫിക്കറ്റുകൾക്ക് 10 വർഷം കാലപരിധി ഉണ്ടായിരിക്കുന്നതല്ല എന്നും സർട്ടിഫിക്കറ്റുകൾ പ്രത്യേക ആവശ്യത്തിനു വേണ്ടി മാത്രം നൽകുന്നതാണ് എന്നും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവ് നിശ്ചയിക്കുന്ന കാര്യം ഒരു പ്രത്യേക കേസായി സർക്കാർ പുനഃപരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നത് പ്രത്യേകാവശ്യത്തിന് മാത്രം എന്ന വ്യവസ്ഥ റദ്ദാക്കി എല്ലാ ജാതി സർട്ടിഫിക്കറ്റുകളുടെയും സാധുതാകാലയളവ് 3 വർഷം എന്ന് പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവ് ഒരു വർഷമാണ്. ഏതെങ്കിലും കോഴ്സുകൾക്ക് ചേരുന്നവർ സമർപ്പിക്കുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന് പ്രസ്തുത കോഴ്സ് കഴിയുന്നതു വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. പ്രത്യേക ആവശ്യത്തിനായല്ലാതെ നൽകുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ടി സർട്ടിഫിക്കറ്റുകളുടെ സാധുതാ കാലയളവിനുള്ളിൽ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഇത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശം പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ വരുമാന സർട്ടിഫിക്കറ്റിന്റെ കാര്യത്തിൽ അപേക്ഷകർ സർട്ടിഫിക്കറ്റിന്റെ അസ്സൽ സൂക്ഷിക്കേണ്ടതും വിവിധ ആവശ്യങ്ങൾക്കായി സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് |

ഹാജരാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ഒരു സർട്ടിഫിക്കറ്റിന്റെ പകർപ്പ് തന്നെ പ്രസ്തുത സർട്ടിഫിക്കറ്റിന്റെ സാധുത കാലയളവിനുള്ളിൽ പല ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിയുന്നതിനുതകുന്ന നിർദ്ദേശങ്ങൾ നൽകുന്നത് സർക്കാർ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ